# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1233** **11.06.2019 ൽ മറുപടിക്ക്**

### ഉള്ളൂർക്കടവ് പാലം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി,കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉള്ളൂർ കടവ് പാലത്തിന് സർക്കാർ ഉത്തരവ് (സാധാ) നം. 1185/09/PWD തീയതി 14/08/2009 പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 2016-17 ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 05/05/2016 ൽ 1220 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു. ആയത് പരിശോധനക്ക് ശേഷം ക്വാളിറ്റി കൺട്രോൾ ചാർജസ് ആയ 7,60,000/- രൂപ അംഗീകരിക്കാൻ കഴിയുകയില്ല എന്ന് 22/02/2017 ലെ PWD/D1/47/2016 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി എത്ര ഭൂമിയാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (ബി) ടി പ്രവൃത്തിക്കായി ചേങ്ങോട്ട് കാവ് വില്ലേജിൽ 0.4653 ഹെക്ടറും, ഉള്ള്യേരി വില്ലേജിൽ 0.9790 ഹെക്ടർ ഭൂമിയും ഉൾപ്പെടുത്തിയിട്ടുണ്ട് (മൊത്തം 1.4443 ഹെക്ടർ). ഉള്ള്യേരി വില്ലേജിൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നു. തുടർന്ന് 27/03/2019 ന് എൽ.എ. റിക്വിസിഷന് അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ചതിന്റെ സ്കെച്ച് സഹിതം റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 04.06.2019-ൽ എൽ.എ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ